# PAPER-III
# MALAYALAM

**Signature and Name of Invigilator**

1. (Signature) ______________________________
   (Name) ______________________________
2. (Signature) ______________________________
   (Name) ______________________________

OMR Sheet No. : ..............................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No.______________________________
(In words)

**J 2 2 1 4**

Time : 2 ½ hours] [Maximum Marks : **150**

Number of Pages in this Booklet : **16**

Number of Questions in this Booklet : **75**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of seventy five multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** Ⓐ Ⓑ ● Ⓓ
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचहत्तर बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** Ⓐ Ⓑ ● Ⓓ
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं ।**

# മലയാളം
# MALAYALAM
## Paper – III

**Note :** This paper contains **seventy five (75)** objective type questions of **two (2)** marks each. **All** questions are compulsory.
ഈ ചോദ്യക്കടലാസ്സിൽ **എഴുപത്തിയഞ്ച്** **(75)** ഓബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** **(2)** മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

**1.** പലവക കൊടുന്തമിഴുകൾ ഉണ്ടായിരുന്നതിൽ ഒന്നാണ് നമ്മുടെ മലയാളമായിത്തീർന്നത്.
(A) ആറ്റൂർ (B) ഏ.ആർ. രാജരാജവർമ്മ
(C) ഏ.ഡി. ഹരിശർമ്മ (D) സി.എൽ. ആന്റണി

**2.** 'പൂർവ കേരളഭാഷ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്
(A) ഇളംകുളം (B) വടക്കുംകൂർ
(C) കെ.എം. പ്രഭാകര വാര്യർ (D) കെ. ഉണ്ണിക്കിടാവ്

**3.** ഒരുത്തിപോനാളധുനാമണന്മേ
ലവർക്കു പോലങ്ങിനിയെങ്ങൾ ചേത :
ലീലാതിലകത്തിലെ ഈ വരികളിൽ വ്യക്തമാകുന്ന വ്യാകരണനയം ഏത് ?
(A) താലവ്യാദേശം (B) അനുനാസികാതിപ്രസരം
(C) ഖിലോപസംഗ്രഹം (D) അംഗഭംഗം

**4.** പാട്ടിന്റെ നിർവചനത്തിൽ വൃത്തവിശേഷം കൊണ്ടു അർത്ഥമാക്കിയതെന്ത് ?
(A) സംസ്കൃത വൃത്തങ്ങൾമാത്രം ഉപയോഗിക്കണം.
(B) ദ്രാവിഡ വൃത്തങ്ങൾമാത്രം ഉപയോഗിക്കണം.
(C) എല്ലാവരിയിലെയും അവസാനാക്ഷരം ഒരുപോലെയായിരിക്കണം.
(D) വിശേഷപ്പെട്ട വിഷമവൃത്തങ്ങൾ ഉപയോഗിക്കണം.

**5.** മുത്തമിഴ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്
(A) ഇയൽ, ഇശൈ, നാടകം (B) തമിഴിലെ മൂന്നു ദേശ്യഭേദങ്ങൾ
(C) തമിഴ്, കന്നടം, മലയാളം (D) തമിഴ്, സംസ്കൃതം, മലയാളം

**6.** 'മന്ദപ്രജ്ഞന്മാർക്കറിവാനായ്
മനുകുലതിലകനുടെ വൃത്താന്തം'
– ഇത് ഏത് കൃതിയുടെ രചനാലക്ഷ്യം.
(A) രാമചരിതം (B) കണ്ണശ്ശരാമായണം
(C) ഭാരതമാല (D) ഭഗവദ്ഗീത

**7.** താരം എന്ന പ്രാചീന നാണയം പരാമർശിക്കുന്ന മലയാളകാവ്യം.
(A) രാമായണം കിളിപ്പാട്ട് (B) കൃഷ്ണഗാഥ
(C) മഹാഭാരതം കിളിപ്പാട്ട് (D) ഭാരതമാല

8. 'കുണ്ഠനായീടൊലാ കണ്ടതെല്ലാമഹം' – ഭഗവദ്ഗീതയുടെ ഈ ക്രിയാത്മക സംക്ഷേപം ആരുടേത് ?

(A) നിരണത്തു രാമപ്പണിക്കർ (B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(C) വടക്കുംകൂർ രാജരാജവർമ്മ (D) എഴുത്തച്ഛൻ

9. യുനെസ്കോ പൈതൃകകലാ പട്ടികയിൽ ഇടം നേടിയ രണ്ടു കേരളീയ ദൃശ്യകലകൾ

(A) കഥകളിയും ഓട്ടൻതുള്ളലും (B) കൂടിയാട്ടവും മുടിയേറ്റും

(C) തെയ്യവും പടയണിയും (D) കളമെഴുത്തും സർപ്പപാട്ടും

10. പ്രാണേശിത്രീ പ്രണയമസൃണേ വല്ല ജോലിക്കുമായ് ഞാൻ
വാണേനെന്നാലൊരു പകലകന്നല്പ ദൂരേപ്യകാരേ.
കേണേറ്റം നീ വലയുവതുണ്ടു ഞാൻ കേൾപ്പതുണ്ടു
– ഈ ശ്ലോകഭാഗം ഏത് കാവ്യത്തിലേത്.

(A) കോകസന്ദേശം (B) മേഘസന്ദേശ പരിഭാഷ

(C) മയൂരസന്ദേശം (D) ശുകസന്ദേശം

11. **കാര്യം** : നാടോടിഗാന സാഹിത്യത്തെ ഉത്തമ സാഹിത്യകോടിയിൽ പെടുത്താനാവില്ല.

**കാരണം** : (i) പറഞ്ഞും പാടിയും പകർന്നു വരുമ്പോൾ അവയിൽ പതിരുകളും കലരുന്നു.

(ii) ഉത്തമ സാഹിത്യത്തിന്റെ മാനദണ്ഡങ്ങൾ എങ്ങനെ നിർണ്ണയിക്കും എന്നതിലാണ് പ്രശ്നം.

(A) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.

(B) കാര്യം തെറ്റ്, കാരണങ്ങളിൽ കഴമ്പുണ്ടു.

(C) കാര്യവും, കാരണങ്ങളും ഭാഗികമായി മാത്രം ശരി.

(D) കാര്യം പൂർണ്ണമായും ശരിയല്ല, കാരണങ്ങളിൽ ശരിയുണ്ടുതാനും.

12. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | ഫോക്‌ലോർ നിഘണ്ടു | i. | രാഘവൻ പയ്യനാട് |
| b. | എടനാടൻ പാട്ട് | ii. | എം.വി. വിഷ്ണു നമ്പൂതിരി |
| c. | വടക്കൻ പാട്ടുകൾ | iii. | കെ.ആർ. സജിത |
| d. | ഫോക്‌ലോർ | iv. | എം.സി. അപ്പുണ്ണി നമ്പ്യാർ |
| | | iv. | സി.എം.എസ്. ചന്തേര |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | v | ii | iv | i |
| (B) | ii | iii | iv | i |
| (C) | iv | v | iii | i |
| (D) | v | iv | iii | ii |

**13.** ശരിയായി ചേർത്തെഴുതിയ ഗണമേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | തമിഴ് സംസ്കൃതമെന്റുള്ള സുമനസ്സുകൾ കൊണ്ടൊരു ഇണ്ടമാല തൊടുക്കിന്റേൻ പുണ്ഡരീ കാക്ഷപൂജയായ് | i. | കണ്ണശ്ശരാമായണം |
| b. | അന്ധൻ ഞാൻ കേവലമെങ്കിലുമൊ ട്ടായപ്രകാരം ചൊല്ക തുനിഞ്ഞേൻ | ii. | കൃഷ്ണഗാഥ |
| c. | മൂഢതകൊണ്ടു ഞാനേതാനുമുണ്ടിന്നു കാടായിച്ചൊല്ലുവാൻ ഭാവിക്കുന്നു | iii. | അനന്തപുരവർണനം |
| d. | വാണീടുകാനാരതമെന്നുനാവുതന്മേൽ വാണീ മാതാവേ ! വർണവിഗ്രഹ വേദാംബികേ ! | iv. | രാമായണം ചമ്പു |
| | | v. | അധ്യാത്മ രാമായണം |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | ii | i | iii | iv |
| (B) | v | i | ii | iii |
| (C) | iii | ii | iv | v |
| (D) | iii | i | ii | v |

**14.** കല്ലുവഴി സമ്പ്രദായത്തിന്റെ ആചാര്യൻ

(A) കാവുങ്ങൽ ശങ്കരപ്പണിക്കർ

(B) കവളപ്പാറ നാരായണൻ നായർ

(C) പട്ടിക്കാംതൊടി രാമുണ്ണി മേനോൻ

(D) വള്ളത്തോൾ

**15.** ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | കുറുപ്പില്ലാക്കളരി, പണ്ടത്തെപ്പാച്ചൻ | i. | ഇ.വി. കൃഷ്ണ പിള്ള |
| (b) | പെണ്ണരശുനാട്, ബി.എ. മായാവി | ii. | ടി.എൻ. ഗോപിനാഥൻ നായർ |
| (c) | മിന്നൽ പ്രണയം, പ്രണയ ജാംബവാൻ | iii. | എൻ.പി. ചെല്ലപ്പൻ നായർ |
| (d) | വിധിയേവിധി, പിന്തിരിപ്പൻ പ്രസ്ഥാനം | iv. | സി.വി. രാമൻ പിള്ള |
| | | v. | എം.കെ. കേശവ പിള്ള |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | i | iii | ii |
| (B) | iii | ii | i | iv |
| (C) | i | v | ii | iii |
| (D) | iii | i | ii | v |

16. ഗുണ്ടർട്ടിന്റെ 'മലയാള ഭാഷാവ്യാകരണ'ത്തിൽ മൂന്ന് അധ്യായങ്ങളുണ്ട്. ഏതൊക്കെ ?
(A) അക്ഷരകാണ്ഡം, വർണകാണ്ഡം, പദകാണ്ഡം
(B) വർണകാണ്ഡം, അക്ഷരകാണ്ഡം, പദകാണ്ഡം
(C) വർണകാണ്ഡം, പദകാണ്ഡം, അക്ഷരകാണ്ഡം
(D) അക്ഷരകാണ്ഡം, പദകാണ്ഡം, വാചകകാണ്ഡം

17. ചിരമവനീമനുശാസദനാകുലം
ശീതഗുവംശ കരീരൻ
(A) ഉണ്ണായി വാര്യർ നളനെക്കുറിച്ച്
(B) കിളിമാനൂർ തമ്പുരാൻ അർജുനനെക്കുറിച്ച്
(C) കോട്ടയത്ത് തമ്പുരാൻ ഭീമനെക്കുറിച്ച്
(D) വയസ്കരമൂസ്സ് ദുര്യോധനനെക്കുറിച്ച്

18. ഒന്നാം വരിയിൽ 8 ഗണം, രണ്ടാം വരിയിൽ ആറര ഗണം എന്ന വൃത്ത വ്യവസ്ഥയുള്ള കൃതി
(A) നങ്ങേമക്കുട്ടി
(B) കുചേലവൃത്തം
(C) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം
(D) കുടിയൊഴിക്കൽ

19. ശരിയായി ചേർത്തെഴുതിയ ഗണമേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | തരിസാപ്പള്ളിശാസനം | i. | ഇന്ദുക്കോതവർമ്മ |
| b. | കൊടവലംശാസനം | ii. | ആദിത്യവർമ്മ |
| c. | വാഴപ്പള്ളിശാസനം | iii. | സ്ഥാണുരവിവർമ്മ |
| d. | ചെമ്പ്രശാസനം | iv. | ഭാസ്കരരവിവർമ്മ |
| | | v. | രാജശേഖരവർമ്മ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | ii | iii | iv | v |
| (B) | iii | iv | v | i |
| (C) | iv | ii | iii | v |
| (D) | v | iii | ii | i |

20. തിരുവിതാംകൂറിലെ ആദ്യ ടെക്സ്റ്റുബുക്കു കമ്മിറ്റി അധ്യക്ഷൻ
(A) ഉള്ളൂർ എസ്. പരമേശ്വരയ്യർ
(B) ശേഷഗിരിപ്രഭു
(C) സർ ടി. മാധവരായർ
(D) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

21. **കാര്യം** : കവി പുഷ്പമാല, കവി മൃഗാവലി തുടങ്ങിയ കാവ്യങ്ങൾ കേവലം വിനോദകവനങ്ങൾ മാത്രമായിരുന്നു.
**കാരണം** : (i) എഴുതിയവരെല്ലാം ഫലിതപ്രിയരായിരുന്ന നമ്പൂതിരിക്കവികളായിരുന്നു.
(ii) രചനയിൽ നിറഞ്ഞുനില്ക്കേണ്ട ഉൽകൃഷ്ട കാവ്യധർമ്മങ്ങൾ അവയിൽ കാണാനില്ല.
(A) കാര്യവും, കാരണങ്ങളും ശരി.
(B) കാര്യം ശരി, കാരണം (ii) മാത്രം ശരി.
(C) കാര്യം ഭാഗികമായി ശരി, കാരണം രണ്ടും ശരി.
(D) കാര്യവും, കാരണങ്ങളും തെറ്റ്.

22. കാറൽ മാർക്സിന്റെ ജീവചരിത്രം ആദ്യമായി മലയാളത്തിലെഴുതിയത് ?

(A) കേസരി എ. ബാലകൃഷ്ണപിള്ള (B) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
(C) കൈനിക്കര കുമാരപിള്ള (D) ജി. ശങ്കരപ്പിള്ള

23. വർത്തമാനപ്പുസ്തകം

(A) സൂനഹദോസ് കാനോനകളുടെ സംഗ്രഹമാണ്.
(B) കുർബ്ബാനകീർത്തനങ്ങളുടെ സമാഹാരമാണ്.
(C) യാത്രാവിവരണമാണ്.
(D) നാട്ടുവർത്തമാനശൈലീ പഠനമാണ്.

24. **കാര്യം** : വായനക്കാരന് ഓർത്തും ചിന്തിച്ചും അനുഭവങ്ങൾ സ്വായത്തമാക്കാൻ അവസരം നല്കുന്ന രചനാതന്ത്രമല്ല, നേർക്കാഴ്ചയുടെ നാടകാനുഭത്തിന്റെ പ്രത്യക്ഷസാക്ഷ്യമാണ് വള്ളത്തോളിന്റെ മിക്ക കവിതകളെയും വ്യത്യ-സ്തമാക്കുന്നത്.

**കാരണം** : (i) ജീവിതത്തിന്റെ ഉപരിതല യാഥാർത്ഥ്യങ്ങൾക്കാണ് വള്ളത്തോൾ പ്രാധാന്യം നല്കിയത്.
(ii) നാടകീയതയുടെ ദൃശ്യസാക്ഷാത്ക്കാരത്തോടുള്ള കവിയുടെ അടങ്ങാത്ത അഭിനിവേശം.
(iii) കലാമണ്ഡല പരിസരത്തിന്റെ സ്വാധീനം.

(A) കാര്യം ശരി, കാരണം (iii) ശരി.
(B) കാര്യം തെറ്റ്, കാരണം (i) ശരി.
(C) കാര്യവും, കാരണം (ii) ശരി.
(D) കാര്യം ശരി, കാരണം (i) ഉം (ii) ഉം ശരി.

25. ''എന്റെ കഥകളെ 'പുരുഷ വിദ്വേഷത്തിന്റെ കഥകൾ' എന്നു വിശേഷിപ്പിച്ചു കേട്ടപ്പോൾ വാസ്തവത്തിൽ അമ്പരപ്പാണ് തോന്നിയത് ...... സമുദായത്തിനു സ്ത്രീകളോടുള്ള സമീപനത്തിൽ ആരോഗ്യകരമായ വ്യതിയാനം വരുത്തുന്നതിൽ എന്റെ കഥകൾ കാര്യമായി സഹായിച്ചിട്ടില്ലെന്നു ആർക്കു പറയാനാകും.''

(A) കെ. സരസ്വതിയമ്മ (B) രാജലക്ഷ്മി
(C) മാധവിക്കുട്ടി (D) സാറാ ജോസഫ്

26. പ്രാസനിർബന്ധക്കാരെ ആക്ഷേപിച്ചുകൊണ്ടു തിരുവനന്തപുരം കോളേജിലെ മലയാള സമാജം വാർഷികത്തിൽ ഭാഷാകവിതയെപ്പറ്റി പ്രഭാഷണം ചെയ്തത്.

(A) ഉള്ളൂർ എസ്. പരമേശ്വരയ്യർ (B) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
(C) ഏ.ആർ. രാജരാജവർമ്മ (D) കെ.സി. കേശവപ്പിള്ള

27. പുഴുപോലെ തുടിക്കയല്ലി, ഹാ !
പഴുതേയിപ്പൊഴുമെന്നിടത്തു തോൾ
നിഴലിൻവഴി പൈതൽപോലെ പോ
യുഴലാ ഭോഗമിരന്നു ഞാനിനി.

– ഈ വരികൾ ഏത് കൃതിയിലേത് ?

(A) പിംഗള (B) മദ്ധലനമറിയം
(C) ചിന്താവിഷ്ടയായ സീത (D) കരുണ

28. ദ്രാവിഡ ഭാഷകളിലില്ലാത്ത സംസ്കൃതാക്ഷരങ്ങൾ
(A) ഹ, ശ, ഷ, സ
(B) ക, ങ, ച, ഞ
(C) ട, ണ, ത, ന
(D) പ, മ, ഴ, റ

29. ദ്രവിഡ സംഘാതാക്ഷരങ്ങളിൽനിന്ന് ഭിന്നമായി മറ്റു വൈയാകരണന്മാരൊന്നും നിരീക്ഷിച്ചിട്ടില്ലാത്തതും എൽ.വി. രാമസ്വാമി അയ്യർ പഠിച്ച് സ്ഥാപിച്ചതുമായ രണ്ടു ദ്വിസ്വരങ്ങൾ
(A) ഐ, ഔ
(B) ഏ, ഓ
(C) എ, ഒ
(D) എയ്, ഒയ്

30. മലയാളം ഉൾപ്പെട്ട ദ്രാവിഡ ഭാഷകളുടെ കക്ഷ്യ
(A) പ്രാകൃത കക്ഷ്യ
(B) സംശ്ലിഷ്ട കക്ഷ്യ
(C) വൈകൃത കക്ഷ്യ
(D) അപഗ്രഥിത കക്ഷ്യ

31. ലകാരത്തിന്റെ ഉച്ചാരണസ്ഥാനം ഏത് ?
(A) ദന്ത്യം
(B) ഓഷ്ഠ്യം
(C) വർത്സ്യം
(D) കണ്ഠ്യം

32. 'രേഫം വർത്സ്യമേകേ' എന്ന പ്രാതിശാഖ്യകാരന്റെ ചിന്തകൾക്കതീതമായി രേഫത്തിന് ഏ.ആർ.രാജരാജവർമ്മ നല്കുന്ന ഉച്ചാരണസ്ഥാനം.
(A) ദന്ത്യം
(B) മൂർധന്യം
(C) ഓഷ്ഠ്യം
(D) കണ്ഠ്യം

33. ഏ.ആർ. വിവരിച്ച എല്ലാ സംഖ്യാ ഭേദകങ്ങളെയും അപഗ്രഥനത്തിന് വിധേയമാക്കിയ 'കേരള പാണിനീയഭാഷ്യകാരൻ' സംഖ്യാഭേദകമായി പരിഗണിക്കുന്നതേതിനെ ?
(A) ഒരു
(B) ഇരു
(C) മു
(D) നാന്

34. ലാതൻ എന്ന പേരിലറിയപ്പെട്ട രാജാവ് ഉൾപ്പെടുന്ന കേരളീയ രാജവംശം
(A) ചോള രാജവംശം
(B) ചേര രാജവംശം
(C) ആയ് രാജവംശം
(D) മൂഷകവംശ രാജവംശം

35. അയിത്തോച്ചാടനം ലക്ഷ്യമാക്കി നടന്ന ആദ്യത്തെ സത്യാഗ്രഹ സമരം
(A) ഗുരുവായൂർ സത്യാഗ്രഹം
(B) ചാന്നാർ ലഹള
(C) വൈക്കം സത്യാഗ്രഹം
(D) കല്ലുമാല സമരം

36. ഉപ്പു സത്യാഗ്രഹവുമായി ബന്ധമുള്ള പ്രദേശം
(A) തിരുവല്ല
(B) അമരാവതി
(C) പയ്യന്നൂർ
(D) പുറക്കാട്

37. കേരളത്തെക്കുറിച്ച് ഏറ്റവും ആദ്യം വിവരണം നല്കിയ വിദേശ സഞ്ചാരി
(A) പെരിപ്ലസ്
(B) അൽബിറൂനി
(C) ഇബ്നുബത്തുത്ത
(D) പ്ലിനി

38. തരിസാപ്പള്ളി ചെപ്പേടിലെ കച്ചവടക്കാരനായ വ്യക്തി

(A) അയ്യനടികൾ തിരുവടി (B) എശോതാപിരീശോ

(C) എശോദാതപീരായി (D) മാർസപീരീശോ

39. മരുമക്കത്തായപ്രകാരം അധികാരം കൈമാറുന്ന കേരളത്തിലെ ഏക മുസ്ലിം രാജവംശം

(A) അറയ്ക്കൽ രാജവംശം (B) നവാബ് രാജവംശം

(C) മുഗൾ രാജവംശം (D) മൈസൂർ രാജവംശം

40. തിന്നാ, പോകാ എന്നീക്രിയാപദങ്ങളിലാ നിഷേധപ്രത്യയം

(A) നാ, കാ (B) അ

(C) ആ (D) ആം

41. കാട്ടിനേൻ എന്നതിലെ 'ന' എന്നത്

(A) താലവ്യ 'ഇ' ക്കു ശേഷം ന വരുന്നു

(B) പ്രാചീന പ്രയോഗം സംരക്ഷിച്ചു

(C) അനുനാസികാതിപ്രസരം

(D) വിസന്ധി പരിഹരിക്കാൻ

42. മലയാളഭാഷയിൽ ഌ, നു, എന്നിവ സ്വരങ്ങളല്ലെന്നും സംവൃതോകാരത്തിന് ഉകാരവുമായല്ല അകാരവുമായി ബന്ധമുള്ളതാണെന്ന് ചിന്തിച്ച കേരളീയ വൈയാകരണൻ

(A) പാച്ചു മൂത്തത് (B) റവ. ജോർജ് മാത്തൻ

(C) കോവുണ്ണി നെടുങ്ങാടി (D) ജോസഫ് മൂളിയിൽ

43. ലീലാതിലകം സംസ്കൃതത്തിലില്ലാത്ത അക്ഷരങ്ങൾ കേരള ഭാഷയിലുണ്ടെന്നു പറയുന്നവ

(A) ഏ, ഓ, ഐ, ഔ എന്നിവ (B) എ, ഒ എന്നിവ

(C) ഌ, ൡ, നു, നൂ എന്നിവ (D) എ, ഒ, ന്റ, റ്റ, ററ, ഴ എന്നിവ

44. ശരിയായ പട്ടികയേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | അഷ്ടാധ്യായി | i. | മേല്പത്തൂർ നാരായണ ഭട്ടതിരിപ്പാട് |
| b. | വാർതികം | ii. | പതഞ്ജലി |
| c. | സിദ്ധാന്ത കൗമുദി | iii. | വരരുചി |
| d. | പ്രക്രിയാസർവസ്വം | iv. | പാണിനി |
| | | v. | ഭട്ടോജി ദീക്ഷിതർ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | iii | v | i |
| (B) | ii | iv | iii | ii |
| (C) | iii | v | ii | iv |
| (D) | i | ii | iv | iii |

45. ചേർച്ചയില്ലാത്തത് ഏത് ?

(A) ഡോ. കെ.എൻ. എഴുത്തച്ഛൻ
(B) കെ. സാംബശിവ ശാസ്ത്രി
(C) ഏ.സി. ശേഖർ
(D) ക്യാന്റർ വിഷർ

46. കേരളത്തിൽ നടന്ന ആദ്യ സിനിമാപ്രദർശനം

(A) 1928ൽ ജെ.സി. ഡാനിയൽ തിരുവനന്തപുരത്ത് പ്രദർശിപ്പിച്ചു.
(B) 1906ൽ പോൾ വിൻസന്റാണ് കോഴിക്കോട്ട് പ്രദർശനം നടത്തിയത്.
(C) 1938ൽ ടി.ആർ.സുന്ദരം തിരുവനന്തപുരത്ത് പ്രദർശിപ്പിച്ചു.
(D) അർദേഷിർ ഇറാനി 1931ൽ കോഴിക്കോട്ട് പ്രദർശനം നടത്തി.

47. ശരിയായ ക്രമമേത് ?

(A) രുക്മാംഗദചരിതം, രാമചന്ദ്രവിലാസം, ചിത്രയോഗം, ഉമാകേരളം
(B) രാമചന്ദ്രവിലാസം, രുക്മാംഗദചരിതം, ഉമാകേരളം, ചിത്രയോഗം
(C) ചിത്രയോഗം, രാമചന്ദ്രവിലാസം, രുക്മാംഗദചരിതം, ഉമാകേരളം
(D) ഉമാകേരളം, ചിത്രയോഗം, രാമചന്ദ്രവിലാസം, രുക്മാംഗദചരിതം

48. ശരിയായ ഗണമേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | നൈസർഗികീച പ്രതിഭാ<br>ശ്രുതംച ബഹുനിർമലം<br>അമന്ദശ്ചാഭിയോഗോ$^{\prime}$സ്യാ<br>കാരണം കാവ്യസമ്പദ: | i. | കാവ്യപ്രകാശം |
| b. | കാവ്യം യശസേ$^{\prime}$ർഥകൃതേ<br>വ്യവഹാരവിദേ ശിവേതര ക്ഷതയേ<br>സദ്യ പരനിർവൃതയേ<br>കാന്താസമ്മിത തയോപദേശയുജേ' | ii. | ധ്വന്യാലോകം |
| | | iii. | കാവ്യാദർശം |
| c. | 'രമണീയാർത്ഥക പ്രതിപാദക : ശബ്ദ :' | | |
| d. | അനൗചിത്യാദൃതേ നാന്യത്<br>രസഭംഗസ്യ കാരണം<br>പ്രസിദ്ധൗചിത്യബന്ധസ്തു<br>രസസ്യോപനിഷത്പരാ | iv. | രസഗംഗാധരം |
| | | v. | ഔചിത്യവിചാര ചർച്ച |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iii | i | iv | ii |
| (B) | ii | iii | v | iv |
| (C) | iv | ii | iii | v |
| (D) | i | iv | ii | iii |

49. ഭാഷാപോഷിണി സഭയുടെ ആദ്യ പേര് ?

(A) കവിസമാജം
(B) കാവ്യസമാജം
(C) കവിതാസമാജം
(D) കവിലോകം

**50.** ശരിയായ പട്ടികയേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | ഏ കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ് | i. | നോം ചോംസ്കി |
| b. | ട്രാൻസ്ഫർമേഷണൽ ഗ്രാമർ | ii. | ഫെർഡിനാന്റ് ഡി. സൊസ്സൂർ |
| c. | ലഘുപാണിനീയം | iii. | ലിയോണിഡ് ബ്ലൂം ഫീൽഡ് |
| d. | ധാതുകാവ്യം | iv. | ഏ.ആർ. രാജരാജവർമ്മ |
| | | v. | മേല്പത്തൂർ നാരായണ ഭട്ടതിരി |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | ii | i | iv | v |
| (B) | iii | ii | v | iv |
| (C) | iv | v | iii | i |
| (D) | v | iv | i | iii |

**51.** ശരിയായ ഗണമേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | കൊടുന്തമിഴ് 6 നയങ്ങളിലൂടെ മലയാളമായിത്തീർന്നു | i. | ഇളംകുളം |
| b. | പൂർവ്വ ദ്രാവിഡ ഭാഷയിൽനിന്നു നേരിട്ടു മലയാളം രൂപപ്പെട്ടു | ii. | എൽ.വി. രാമസ്വാമി അയ്യർ |
| c. | സംസ്കൃതത്തിൽ നിന്ന് രൂപപ്പെട്ടു | iii. | വടക്കുംകൂർ |
| d. | പൂർവ്വ മധ്യകാലതമിഴിൽനിന്ന് ആധുനിക തമിഴും മലയാളവും രൂപപ്പെട്ടു. | iv. | ഡോ. കെ.എം. ജോർജ് |
| | | v. | ഏ.ആർ. രാജരാജവർമ്മ |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | iv | iii | ii |
| (B) | iv | iii | ii | i |
| (C) | iii | ii | i | v |
| (D) | ii | i | iv | iii |

**52.** ശരിയായ ഗണമേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | സ്പുഷ്ടം – ച വർത്സ്യാക്ഷരം | i. | വാക്യഘടനാ പഠനം |
| b. | ത്തി \| ച്ചി – ബദ്ധരൂപിമം | ii. | സ്വന പഠനം |
| c. | അനുവാദ്യം – വിധേയം | iii. | അർത്ഥ പഠനം |
| d. | കൂത്തച്ചി – കൂത്ത് പറയുന്ന സ്ത്രീ | iv. | രൂപിമ പഠനം |
| | | v. | പ്രജനക വ്യാകരണം |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | i | v | iv | ii |
| (B) | ii | iv | i | iii |
| (C) | iii | ii | iv | v |
| (D) | iv | iii | ii | i |

**53.** ശരിയായ ക്രമമേത് ?

| **പട്ടിക – I** | | **പട്ടിക – II** |
|---|---|---|
| a. | ന്യൂ ക്രിട്ടിസിസം | i. ക്രോച്ചേ |
| b. | വാട്ട് ഈസ് ആർട് | ii. മാത്യു ആർനോൾഡ് |
| c. | കല ജീവിതത്തിനുവേണ്ടി | iii. ടോൾസ്റ്റോയി |
| d. | അന്തർജ്ഞാനപരമായ അറിവ് | iv. ജോൺ ക്രോറാൻസം |
| | | v. ഫ്രോയ്ഡ് |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | iii | ii | i |
| (B) | v | ii | i | iii |
| (C) | iv | i | iii | ii |
| (D) | iii | ii | iv | v |

**54.** ശരിയായ പട്ടികയേത് ?

| **പട്ടിക – I** | | **പട്ടിക – II** |
|---|---|---|
| a. | വൈകൃത കക്ഷ്യ | i. മലയാളം |
| b. | പ്രാകൃത കക്ഷ്യ | ii. ഇംഗ്ലീഷ് |
| c. | അപഗ്രഥിത കക്ഷ്യ | iii. സംസ്കൃതം |
| d. | സംശ്ലിഷ്ട കക്ഷ്യ | iv. മന്ദാറിൻ |
| | | v. എസ്പരാന്റോ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | ii | i | iii |
| (B) | i | iii | v | ii |
| (C) | ii | v | iv | iii |
| (D) | iii | iv | ii | i |

**55.** സൊസ്യൂറിന്റെ ഭാഷാപ്രകടന (Parole) ത്തിലൂന്നിയ പഠനങ്ങൾക്കു പകരം നോം ചോംസ്കി ________ൽ ഊന്നിയാണ് പഠിക്കുന്നത്.

(A) സിദ്ധി / കോംപിറ്റൻസ്
(B) പ്രകടനം / പെർഫോമൻസ്
(C) ലിബിഡോ
(D) ഈദ്

**56.** ശരിയായ പട്ടികയേത് ?

| **പട്ടിക – I** | | **പട്ടിക – II** |
|---|---|---|
| a. | പുതു സന്ദർഭത്തിനുചേർന്ന പുതുപദനിർമിതി | i. മൃഗ ഭാഷ |
| | | ii. മനുഷ്യ ഭാഷ |
| b. | സാർവലൗകിക പ്രതീകങ്ങൾ | iii. മറിച്ചു ചൊല്ലൽ |
| c. | ബുദ്ധൻ ചിരിക്കുന്നു | iv. രഹസ്യ ഭാഷ |
| d. | രംപുന്തനവരുതി | v. ചിഹ്ന ഭാഷ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | i | iv | ii | v |
| (B) | iii | v | i | ii |
| (C) | iv | ii | iii | v |
| (D) | ii | i | iv | iii |

**57.** ബഹുഭാഷകൾ ആശയവിനിമയത്തിനുപയോഗിച്ചുവരുന്ന ജില്ല

(A) കാസർഗോഡ് (B) ആലപ്പുഴ

(C) തൃശ്ശൂർ (D) കൊല്ലം

**58.** ഓരോ വ്യക്തികളുടെ ആശയവിനിമയത്തിനും തനതായ ഈണം, താനം, പദസന്നിവേശ രീതി എന്നിവ ഉണ്ട്, ഇതിനെ _________ എന്നു പറയുന്നു.

(A) റജിസ്റ്റർ (B) തന്മൊഴി

(C) കേന്ദ്ര മേഖല (D) അവശിഷ്ട മേഖല

**59.** ഭാഷാശാസ്ത്ര പഠനത്തിൽ ഏകകാലികപഠനം, ബഹുകാലികപഠനം എന്നീ സങ്കല്പനങ്ങൾ അവതരിപ്പിച്ച ഭാഷാശാസ്ത്രജ്ഞൻ

(A) ലിയോണിഡ് ബ്ലൂം ഫീൽഡ് (B) ഫെർഡിനാന്റ് ഡി. സൊസ്സ്യൂർ

(C) ഭ. കൃഷ്ണമൂർത്തി (D) കാമിൽ വി. സ്വെലബിൾ

**60.** കാരകബന്ധം യോജിക്കാത്തത്

(A) നിന്നോടു പറഞ്ഞിട്ട് (B) നിന്നെ കണ്ടു

(C) നിനക്കു തന്നു (D) നിന്റെ കാര്യം

**61.** ശരിയായ ഗണമേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | അന്റോണിയോ ഗ്രാംഷി | i. | സ്ത്രീവാദം |
| b. | റൊളാങ് ബാർത് | ii. | അപനിർമ്മാണം |
| c. | സിമങ് ദി ബോവർ | iii. | രാഷ്ട്രീയാ ബോധത്വം |
| d. | ദറിദ | iv. | എഴുത്തുകാരന്റെ മരണം |
| | | v. | ജൈവബുദ്ധിജീവികൾ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | v | iv | i | ii |
| (B) | iv | iii | ii | i |
| (C) | iii | ii | iv | v |
| (D) | ii | i | iii | iv |

**62.** ഏ.ആറിന്റെ 'ആംഗല സാമ്രാജ്യം'

(A) ബ്രിട്ടീഷ്-ഇന്ത്യാചരിത്രം വർണിക്കുന്ന മലയാളകാവ്യം

(B) ബ്രിട്ടീഷ്-ഇന്ത്യാചരിത്രം വർണിക്കുന്ന സംസ്കൃതകാവ്യം

(C) വിക്ടോറിയാ മഹാരാജ്ഞിയുടെ അപദാനം

(D) മഹാത്മാഗാന്ധിയുടെ ലണ്ടൻവാസം പ്രമേയമാക്കിയ ചരിത്രകാവ്യം

**63.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | ബി. മുരളി | i. | ഒറ്റവാതിൽ |
| b. | സുഭാഷ് ചന്ദ്രൻ | ii. | ഉമ്പർട്ടോ എക്കോ |
| c. | സന്തോഷ് എച്ചിക്കാനം | iii. | ഘടികാരങ്ങൾനിലയ്ക്കുന്ന സമയം |
| d. | സുസ്മേഷ് ചന്ത്രോത്ത് | iv. | മൂന്നു അന്ധന്മാർ ആനയെ വിവരിക്കുന്നു |
| | | v. | വെയിൽ ചായുമ്പോൾ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | ii | iii | i | v |
| (B) | v | i | iv | iii |
| (C) | iv | ii | iii | i |
| (D) | iii | v | iv | ii |

64. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | സിതാര എസ്. | i. | മോഹമഞ്ഞ |
| b. | പ്രിയ ഏ.എസ്. | ii. | അക്ഷരം |
| c. | കെ.ആർ. മീര | iii. | ഒരു ലെസ്ബിയൻ പശു |
| d. | കെ.പി. സുധീര | iv. | മഞ്ഞ മരങ്ങൾക്കുചുറ്റും |
| | | v. | വേഷപ്പകർച്ച |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | v | i | ii |
| (B) | ii | iii | v | i |
| (C) | i | ii | iv | v |
| (D) | v | iv | i | ii |

65. തിരക്കഥകളുടെയും അനുവർത്തനത്തിനാധാരമായ മൂലകൃതികളുടെയും പട്ടിക താഴെ കൊടുക്കുന്നു. ശരിയായ ഗണമേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | ഇരിക്കപ്പിണ്ഡം | i. | ആൾക്കൂട്ടത്തിൽ തനിയെ |
| b. | നീലവെളിച്ചം | ii. | മഴ |
| c. | നഷ്ടപ്പെട്ട നീലാംബരി | iii. | നീയെത്ര ധന്യ |
| d. | സ്വർഗം തുറക്കുന്ന സമയം | iv. | പുരുഷാർഥം |
| | | v. | ഭാർഗവീനിലയം |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | v | ii | i |
| (B) | ii | iii | i | v |
| (C) | i | iii | iv | ii |
| (D) | iii | iv | i | v |

66. മൂല രചനകൾ – അനുവർതന തിരക്കഥകൾ – ശരിയായ ഗണമേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | ചെറിയ ചെറിയ ഭൂകമ്പങ്ങൾ | i. | നിർമാല്യം |
| b. | അനുബന്ധം | ii. | കഴകം |
| c. | തിത്തുണ്ണി | iii. | ഒരിടത്തൊരു ഫയൽവാൻ |
| d. | നമുക്കുപാർക്കാൻ മുന്തിര | iv. | നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം |
| | | v. | എന്നു സ്വന്തം ജാനകിക്കുട്ടി |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | ii | i | v |
| (B) | v | iii | ii | iv |
| (C) | ii | i | iii | v |
| (D) | i | iv | v | ii |

67. സർഗാത്മ കൃതികളെ സർഗാത്മക രചനകൾകൊണ്ടുതന്നെ നിരൂപണം ചെയ്യുന്ന 'വിഡംബന വിമർശന'ത്തിന്റെ ചില മാതൃകകൾ താഴെ കൊടുക്കുന്നു. ശരിയായ ഗണമേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ദാത്യൂഹ സന്ദേശം | i. | സഞ്ജയൻ |
| b. | പറങ്ങോടീ പരിണയം | ii. | ശീവൊള്ളി നാരായണൻ നമ്പൂതിരി |
| c. | ചക്കീചങ്കരം | iii. | കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോൻ |
| d. | മോഹിതൻ | iv. | മുൻഷി രാമക്കുറുപ്പ് |
| | | v. | കെ.സി. നാരായണൻ നമ്പ്യാർ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | v | iii | i | iv |
| (B) | ii | iii | iv | i |
| (C) | iv | ii | v | iii |
| (D) | iii | ii | v | iv |

68. കുട്ടിക്കൃഷ്ണ മാരാരുടെ അടയാള മുദ്രകൾ
(1) നിരൂപണത്തിലെ വ്യക്തിനിഷ്ഠത
(2) സാഹിത്യം വിദ്യയാണെന്ന വാദം
(3) പുരോഗമനസാഹിത്യ പക്ഷപാതം
(4) യുക്തിബോധത്തിന്റെയും സൗന്ദര്യബോധത്തിന്റെയും സമ്യക്സമ്മേളനം
(A) 1 ഉം 3 ഉം ശരി
(B) 3 ഉം 4 ഉം ശരി
(C) 4 മാത്രം ശരി
(D) 1 ഉം 2 ഉം 4 ഉം ശരി

69. മുണ്ടശ്ശേരിയുടെ കാവ്യപീഠികയുടെ പ്രസക്തി
(A) പാശ്ചാത്യ-പൗരസ്ത്യ സാഹിത്യ തത്വങ്ങളുടെ സമന്വയം
(B) ആശാൻ കവിതയുടെ നിരൂപണം
(C) സംസ്കൃതകാവ്യ സങ്കേതങ്ങളുടെ നൂതന വ്യാഖ്യാനം
(D) രൂപഭദ്രതാവാദം

70. ശരിയായ ഗണമേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | കേരളമിത്രം | i. | പരവൂർ കേശവനാശാൻ |
| b. | കേരള ദീപിക | ii. | മാണിക്കത്തനാർ |
| c. | നസ്രാണി ദീപിക | iii. | ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ |
| d. | സുജാനന്ദിനി | iv. | ദേവ്ജി ഭീംജി |
| | | v. | ബെഞ്ചമിൻ ബെയിലി |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iii | ii | v | iv |
| (B) | ii | v | iv | i |
| (C) | i | iii | v | ii |
| (D) | iv | iii | ii | i |

71. കേരളത്തിൽ ടെലിവിഷൻ പ്രക്ഷേപണം ആരംഭിച്ചത്
(A) 1978ൽ (B) 1959ൽ
(C) 1982ൽ (D) 1975ൽ

72. ശരിയായ ഗണമേത് ?

| പട്ടിക – I | | പട്ടിക – II |
|---|---|---|
| a. | മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു<br>മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു<br>മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടെ<br>മണ്ണുപങ്കുവെച്ചു മനസ്സുവെച്ചു | i. ശ്രീകുമാരൻ തമ്പി |
| b. | ഒരുവട്ടം കൂടിയെന്നോർമ്മകൾ മേയുന്ന<br>തിരുമുറ്റത്തെത്തുവാൻ മോഹം<br>തിരുമുറ്റത്തൊരുകോണിൽ നില്ക്കുന്നൊരാനെല്ലി<br>മരമൊന്നുലുത്തുവാൻ മോഹം. | ii. പി. ഭാസ്കരൻ |
| c. | അല്ലിയാമ്പൽ കടവിലന്നരക്കുവെള്ളം<br>നമ്മളൊന്നായി തുഴഞ്ഞില്ലേ കൊതുമ്പുവള്ളം<br>നമ്മുടെ നെഞ്ചിലാകെ അനുരാഗകരിക്കിൻ വെള്ളം | iii. ഓ.എൻ.വി. കുറുപ്പ് |
| d. | മാവുപൂത്തല്ലോ ഞാവൽ കാ പഴുത്തല്ലോ<br>ഉത്തരാസ്വയംവരി കഥകളികാണുവാൻ<br>ഉത്രാട രാത്രിയിൽ പോയിരുന്നു. | iv. വയലാർ |
| | | v. ഗിരീഷ് പുത്തഞ്ചേരി |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | iv | iii | ii | i |
| (B) | iii | i | iv | v |
| (C) | ii | v | iii | iv |
| (D) | i | iv | v | iii |

73. ജാനകീ ജാനേ ! രാമാ !
ജാനകീ ജാനേ !
കദനനിദാനം നാഹം ജാനേ
മോക്ഷകവാടം നാഹം ജാനേ
– ആരുടേതാണ് ഭക്തിസാന്ദ്രമായ ഈ വരികൾ ?
(A) അൻവറലി (B) മുരുകൻ കാട്ടാക്കട
(C) യൂസഫലി കേച്ചേരി (D) കൈതപ്രം ദാമോദരൻ

74. തൊടീക്കളം ശിവക്ഷേത്രം ഏത് കേരളീയ കലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
(A) ശിലാശില്പം (B) ദാരുശില്പം
(C) ചുമർചിത്രം (D) കൂടിയാട്ടം

75. പഴശ്ശി രാജാവിനെ ബ്രിട്ടീഷുകാർ വെടിവെച്ചു കൊന്നത്
(A) 1799ൽ (B) 1805ൽ
(C) 1928ൽ (D) 1857ൽ

**Space For Rough Work**